"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2372 — 12.03.20 ൽ മറുപടിയ്ക്ക്

### പെരിയാർ കടുവ സങ്കേതത്തിലെ ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണം

| ചോദ്യം<br>ശ്രീ.അനിൽ അക്കര : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പെരിയാർ കടുവ സങ്കേതത്തിലെ വള്ളക്കടവ് റെയിഞ്ചിന്റെ കീഴിൽ വനനിയമങ്ങൾ ലംഘിച്ചും കേന്ദ്ര വനസംരക്ഷണ നിയമങ്ങൾക്ക് വിരുദ്ധമായും ഫുട്ബോൾ ഗ്രൗണ്ട് നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | പെരിയാർ കടുവാ സങ്കേതം ഈസ്റ്റ് ഡിവിഷൻ വള്ളക്കടവ് റെയിഞ്ചിന്റെ പരിധിയിൽ ഊരാളി ആദിവാസി കോളനിയായ വഞ്ചിവയലിനോട് ചേർന്ന് പരമ്പരാഗതമായി ആദിവാസികൾ ഉപയോഗിച്ച വന്നിരുന്ന മൈതാനം ആദിവാസി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി പുനരുദ്ധാരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമ പ്രകാരമാണ് ആദിവാസികളുടെ ഉപയോഗത്തിനായി മൈതാനം ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി പുനരുദ്ധാരണം നടത്തിയത്. |
| (ബി) | പ്രസ്തുത ഗ്രൗണ്ട് നിർമ്മാണം ഏത് ഫണ്ട് വിനിയോഗിച്ചാണെന്ന വ്യക്തമാക്കുമോ; പ്രവൃത്തിയുടെ ഭരണാനുമതിയുടെയും സാങ്കേതികാനുമതിയുടെയും പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ആദിവാസി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റിയാണ് മൈതാനം പുനരുദ്ധാരണം നടത്തിയത്. ആയതിന് സർക്കാർ ഫണ്ടുകൾ വിനിയോഗിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | അതീവ സുരക്ഷാ മേഖലയിൽപ്പെടുന്ന ടൈഗർ റിസർവ്വിൽ വനേതര കാര്യങ്ങൾക്ക് മണ്ണ് മാന്തി യന്ത്രം ഉപയോഗിച്ച് മണ്ണ് ഇടിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ഉണ്ടോ; ഇല്ലെങ്കിൽ നിയമലംഘനം നടത്തിയതിന്റെ ഉത്തരവാദികൾ ആരാണെന്ന വിവരം ലഭ്യമാക്കുമോ; | (സി) | ടൈഗർ റിസർവ്വിന്റെ ഭാഗം, വനേതര ആവശ്യങ്ങൾക്ക്, നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി അനുയോജ്യമായ രീതി അവലംബിച്ച് ഉപയോഗിക്കാവുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത പ്രദേശത്ത് ഫുട്ബോൾ ഗ്രൗണ്ട് നിർമ്മിക്കുന്നതിനും ടൂർണമെന്റ് നടത്തുന്നതിനും സംസ്ഥാനത്തെ മുഖ്യ വനപാലകന്റെ അനുമതി ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമ പ്രകാരം നടത്തിയിട്ടുള്ള ടി പ്രവർത്തിക്ക് മുഖ്യവനപാലകന്റെ അനുമതി ആവശ്യമില്ലാത്തതാണ്. |
| (ഇ) | പെരിയാർ കടുവ സങ്കേതത്തിൽ കളിക്കളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സർക്കാർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ഉണ്ട്, ടി പത്രവാർത്തകളിന്മേൽ അന്വേഷണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ